# ചെറുപുഴ ഗ്രാമപഞ്ചായത്ത്

# വാർഷിക ബജറ്റ് 2026-27

## അവതരണം

ശ്രീ. സതീശൻ കാർത്തികപ്പള്ളി
വൈസ് പ്രസിഡണ്ട്,
ചെറുപുഴ ഗ്രാമപഞ്ചായത്ത്

# നിർവഹണ ഉദ്യോഗസ്ഥരുടെ പട്ടിക

| പേര് | പദവി | ഓഫീസ് | ഫോൺ നമ്പർ |
|---|---|---|---|
| അഞ്ജു പി | കൃഷി ഓഫീസർ | കൃഷി ഓഫീസ്, ചെറുപുഴ | 9383472265 |
| ഡോ. ജിബിൻ ചെറിയാൻ | വെറ്റിനറി സർജൻ | വെറ്റിനറി ഹോസ്പിറ്റൽ, ചെറുപുഴ | 9446221469 |
| ഡോ. അരുൺ അഭിലാഷ് | മെഡിക്കൽ ഓഫീസർ | എഫ്.എച്ച്.സി, പുളിങ്ങോം | 9496853357 |
| ഡോ. ജയദീപ് വി പി | മെഡിക്കൽ ഓഫീസർ ഹോമിയോ | ഹോമിയോ ഡിസ്പെൻസറി, തിരുമേനി | 9447545802 |
| ബീന സി.കെ | ഹെഡ്മാസ്റ്റർ | ജി.എൽ.പി സ്കൂൾ, ഇടവരമ്പ | 9497051187 |
| രാജീവ് സി.കെ | വി.ഇ. | പുളിങ്ങോം സർക്കിൾ | 7510940462 |
| ഗീത പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് ഓഫീസ്, ചെറുപുഴ | 9526247844 |
| പൊന്നി എം.സി | ഡയറിഫാം ഇൻസ്ട്രക്ടർ | ഡയറി എക്സ്റ്റൻഷൻ ഓഫീസ്, പയ്യന്നൂർ | 7012027178 |
| രാജു പി.കെ | അസി. എഞ്ചിനീയർ | ചെറുപുഴ ഗ്രാമപഞ്ചായത്ത് | 9745942401 |
| അനിൽകുമാർ പി | അസി. സെക്രട്ടറി ഗ്രാമപഞ്ചായത്ത് | ചെറുപുഴ ഗ്രാമപഞ്ചായത്ത് | 9048157616 |
| ബിറ്റാജ് തോമസ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | ചെറുപുഴ ഗ്രാമപഞ്ചായത്ത് | 9495673910 |

# പൊതുവിവരങ്ങൾ

ഗ്രാമപഞ്ചായത്ത് :ചെറുപുഴ
ആസ്ഥാനം :ചെറുപുഴ
വിസ്തൃതി :75.64 ച.കി.മീ.
അതിരുകൾ
കിഴക്ക് :കർണ്ണാടക സംസ്ഥാനം
ഉദയഗിരി ഗ്രാമപഞ്ചായത്ത്
വടക്ക് :കർണ്ണാടക സംസ്ഥാനം
ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്
തെക്ക് : ഉദയഗിരി,ആലക്കോട് ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ് :പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്ത്
ജനസാന്ദ്രത
ജനസംഖ്യ : 37970
(2011 സെൻസസ് പ്രകാരം) ആൺ : 15004
പെൺ : 15729
പട്ടികജാതി ജനസംഖ്യ : 760
പട്ടികവർഗ്ഗ ജനസംഖ്യ :1558
ആൺ :729
പെൺ :829
വില്ലേജുകൾ : 3
തിരുമേനി
പുളിങ്ങോം
വയക്കര
പെരിങ്ങോം(ഭാഗികം)
ബ്ലോക്ക് :പയ്യന്നൂർ
താലൂക്ക് :പയ്യന്നൂർ
അസംബ്ലി നിയോജകമണ്ഡലം :പയ്യന്നൂർ
ലോകസഭ മണ്ഡലം :കാസർഗോഡ്
ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങൾ :20
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ: 4
(പുളിങ്ങോം 3 മുതൽ 10 വരെ )
പ്രാപ്പോയിൽ 11 മുതൽ 17 വരെ,2 )
(പാടിയോട്ടുചാൽ 1, 18, 19, 20)
ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ : 1 (കരിവെള്ളൂർ)

വീടുകളുടെ എണ്ണം : 11583



# ആമുഖം

ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2025 ഡിസംബർ 21 ന് നിലവിൽ വന്ന ഈ ഭരണസമിതിയുടെ ആദ്യ ബജറ്റാണ് ഇവിടെ അവതരിപ്പിക്കാൻ പോകുന്നത്. 2026 ലെ നിയമസഭ തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന സാഹചര്യത്തിൽ അവതരിപ്പിക്കുന്ന ബജറ്റെന്ന പ്രത്യേകതയും ഈ ബജറ്റിനുണ്ട്. ആയതിനാൽ ബജറ്റ് അവതരണത്തിനുള്ള സമയപരിധിയും കൂടി നാം കാണേണ്ടതുണ്ട്. പഞ്ചായത്തിലെ ജനങ്ങളുടെ ക്ഷേമവും ജീവിത നിലവാരവും ഉയർത്തുന്നതിനും സമഗ്ര വികസനം ലക്ഷ്യമിട്ടും ലഭ്യമാകുന്ന വിഭവസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും ഈ ബജറ്റ് തയ്യാറാക്കാൻ സാധിച്ചിട്ടുണ്ടെന്ന് കരുതുന്നു.

പഞ്ചായത്തിന്റെ സർവ്വതലത്തിലുള്ള സമ്പൂർണ്ണ വികസനത്തിന് പര്യാപ്തമായ രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ട വിഭവസ്രോതസ്സുകൾ കണ്ടെത്തുകയെന്നതും അത് കാര്യക്ഷമമായ രീതിയിൽ ഉപയോഗിക്കുകയെന്നതും നാം നേരിടുന്ന വെല്ലുവിളിയാണ്. പഞ്ചായത്തിനെ സംബന്ധിച്ച് നമ്മുടെ തനത് വരുമാനമാണ് പ്രധാന വിഭവസ്രോതസ്സ്. സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റുകളിൽ വെട്ടിക്കുറവ് സംഭവിക്കുന്നതും ട്രഷറി നിയന്ത്രണവുമെല്ലാം പ്രസ്തുത ഗ്രാന്റുകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു. അതോടൊപ്പംതന്നെ നമ്മുടെ ചെലവുകൾ ദിനംപ്രതി വർദ്ധിച്ചുവരുന്നതും പുതിയ ചെലവുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം കൂടിയിട്ടുണ്ട്. നമ്മുടെ തനത് വരുമാനം പരമാവധി നികുതി ചോർച്ചയില്ലാതെ പിരിച്ചെടുക്കേണ്ടതിന്റെയും ക്ഷേമപ്രവർത്തനങ്ങളോടൊപ്പം തന്നെ വരുമാന വർദ്ധനവിനുതകും വിധമുള്ള പദ്ധതികൾ കൂടി ആസൂത്രണം ചെയ്യേണ്ടതിന്റെ പ്രസക്തിയും വർദ്ധിച്ചു വരുന്ന സാഹചര്യമാണുള്ളത്. എന്നാൽ അത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് കൂടുതൽ ദീർഘവീക്ഷണത്തോടുകൂടിയുള്ള ആലോചനയും ശ്രമങ്ങളും ആവശ്യമാണെന്നതിന് അത്തരം പദ്ധതികൾ ഈ ബജറ്റിൽ പൂർണമായും ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കരുതുന്നില്ല.

വരുമാനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടുമ്പോൾ മാത്രമേ സമ്പൂർണ്ണ വികസനം യാഥാർത്ഥ്യമാക്കുന്ന വിധത്തിൽ നമുക്ക് പ്രവർത്തിക്കാൻ സാധിക്കൂ എന്ന യാഥാർത്ഥ്യം കൂടി നാം തിരിച്ചറിയേണ്ടതുണ്ട്.

മലയോര പ്രദേശങ്ങളും വനാതിർത്തിയോട് ചേർന്നുള്ള കൃഷിസ്ഥലങ്ങളും ധാരാളമായുള്ള നമ്മുടെ പഞ്ചായത്തിൽ കൃഷിക്കാർ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിന് സഹായകരമാകുന്ന പദ്ധതികൾക്ക് ബജറ്റിൽ പ്രാധാന്യം നൽകിയിട്ടുണ്ട്.

അതുപോലെ പാർപ്പിടമേഖലയിൽ ഭവനരഹിതരായ ആളുകൾക്ക് ഭവനം അനുവദിക്കുന്നതിന് ഹഡ്കോ വായ്പയും ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് വിഹിതവും വകയിരുത്തി ഏറെക്കുറെ പൂർണ്ണതയിലേക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും വാസയോഗ്യമല്ലാത്ത ഭവനമുള്ള ഒട്ടേറെ കുടുംബങ്ങൾ ഇനിയും ഉണ്ടെന്ന വസ്തുത മുൻനിർത്തി ഭവനം വാസയോഗ്യമാക്കലിനും പുതിയ ഭവനങ്ങൾ അനുവദിക്കുന്നതിനും കൂടുതൽ തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സേവനമേഖലയിലെ രണ്ട് പ്രധാന മേഖലകളാണ് ആരോഗ്യവും വിദ്യാഭ്യാസവും. ഈ രണ്ട് മേഖലയിലുള്ള വികസനം നമ്മുടെ ഭാവി തലമുറയെക്കൂടി കരുപിടിപ്പിക്കുന്നതാണ്. ഈ മേഖലകളിലുള്ള വിടവുകൾ നികത്തുന്നതിനും ബജറ്റിൽ അർഹമായ രീതിയിലുള്ള പരിഗണന നൽകാൻ സാധിച്ചിട്ടുണ്ട്.

സാമ്പത്തിക വിഭവ പരിമിതികൾക്കിടയിലും എല്ലാ മേഖലയിലും അർഹമായ പരിഗണന കൊടുത്തുകൊണ്ട് ഈ ബജറ്റിൽ തുക വകയിരുത്തുന്നതിന് സാധിച്ചിട്ടുണ്ടെന്ന് കരുതുന്നു. 2026- 27 ബഡ്ജറ്റ് അവതരണത്തിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കൂടിയായ വൈസ് പ്രസിഡണ്ടിനെ ക്ഷണിക്കുന്നു.

ലൈസമ്മ തോമസ്,
പ്രസിഡണ്ട് ചെറുപുഴ ഗ്രാമപഞ്ചായത്ത്

# ബജറ്റ് സംഗ്രഹം



ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2026-27 വർഷത്തെ ബജറ്റ് ആണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

2026 ഏപ്രിൽ മാസം ഒന്നാം തീയതി ആരംഭിച്ച 2027 മാർച്ച് മാസം 31 ന് അവസാനിക്കുന്ന ഒരു സാമ്പത്തിക വർഷക്കാലം ചെറുപുഴ ഗ്രാമപഞ്ചായത്ത് പ്രതീക്ഷിക്കുന്ന വരവുകളും ചെലവുകളും യാഥാർത്ഥ്യബോധത്തോടെയും സൂക്ഷ്മതയോടെയും തയ്യാറാക്കാൻ സാധിച്ചിട്ടുണ്ട് എന്ന് കരുതുന്നു. ഈ ഭരണസമിതിയുടെ ആദ്യത്തേത് എന്ന പ്രത്യേകതയും അതോടൊപ്പം സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന സാഹചര്യത്തിൽ അവതരിപ്പിക്കുന്ന ബജറ്റ് എന്ന പ്രത്യേകതയും ഈ ബജറ്റിനുണ്ട്.

പ്രാദേശിക സാധ്യത പരിശോധിച്ചും ആവശ്യമുള്ള നിർദ്ദേശങ്ങളും പരിഗണിച്ചുമുള്ള ഇടപെടൽ നടത്തുന്നതിനുള്ള ശ്രമമാണ് ഈ ബജറ്റിലൂടെ നടത്തുന്നത്. വിഭവസമാഹരണം വലിയൊരു പ്രതിസന്ധിയായി നിലനിൽക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന ബജറ്റ് വിഹിതത്തിൽ ഉണ്ടാകുന്ന കുറവും ട്രഷറി നിയന്ത്രണവും എല്ലാം പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഈ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ എത്രത്തോളം തദ്ദേശീയ ആശയങ്ങൾക്ക് നിറം നൽകാൻ സാധിക്കും എന്ന ആശങ്കയും മറച്ചുവയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ ജനങ്ങളുടെയും ക്ഷേമത്തിനും ആരോഗ്യത്തിനും അർഹമായ പരിഗണന നൽകി കൊണ്ടാണ് ഈ ബജറ്റ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് കരുതുന്നു.

കാർഷിക മേഖലയിലെ കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായുള്ള പദ്ധതികൾക്കും പാർപ്പിടം മേഖലയിൽ നിലനിൽക്കുന്ന വിടവുകൾ പരിഹരിക്കുന്നതിന് പുതിയ ഭവനനിർമ്മാണം, വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗമാക്കുന്നതിനും പ്രധാനം മുൻഗണന ബജറ്റ് നൽകിയിട്ടുണ്ട്. അതുപോലെതന്നെ സേവനമേഖലയിലെ പ്രധാന മേഖലയായ ആരോഗ്യം, വിദ്യാഭ്യാസം

തുടങ്ങിയ മേഖലകളിൽ ആവശ്യമായ തുക വകയിരുത്തുന്നതിനും ശ്രദ്ധ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് കരുതുന്നു. നമ്മുടെ പഞ്ചായത്തിന്റെ മാലിന്യ സംസ്കരണം, ശുചിത്വ പരിപാലനം മേഖലയിൽ പ്രാധാന്യം നൽകിക്കൊണ്ട് തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## പഞ്ചായത്തിന്റെ ധനസ്ഥിതി അവലോകനം

പഞ്ചായത്തിന്റെ തനത് വരുമാനത്തോടൊപ്പം സംസ്ഥാന സർക്കാർ ബജറ്റിലൂടെ പ്രഖ്യാപിക്കുന്ന വികസനഫണ്ട് ജനറൽ, പട്ടികജാതി വികസന ഫണ്ട് (SCP), പട്ടികവർഗ്ഗ വികസന ഫണ്ട് (TSP), മെയിന്റനൻസ് ഗ്രാൻറ് റോഡ്, മെയിന്റനൻസ് ഗ്രാൻറ് റോഡിതരം, ജനറൽ പർപ്പസ് ഗ്രാൻറ് എന്നിവയും കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാൻറ് ലഭിക്കുന്ന തുകയും തൊഴിലുറപ്പ് പദ്ധതി വിഹിതം, ശുചിത്വ ഗ്രാൻഡ് പ്രത്യേക പദ്ധതികൾക്കായി ലഭിക്കുന്ന കേന്ദ്ര വിഹിതം, ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം, സംസ്ഥാന പദ്ധതി വിഹിതം, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എന്നിവയാണ് വകയിരുത്തൽ ഫണ്ടുകൾ.

പഞ്ചായത്ത് തനത് വരുമാനത്തിന്റെ പ്രധാന ഉറവിടം വസ്തുനികുതി, തൊഴിൽ നികുതി, കെട്ടിടനിർമ്മാണ പെർമിറ്റ് ഫീ, കച്ചവട ലൈസൻസ് ഫീസ്, കെട്ടിടവാടക എന്നിവയാണ്. വരുമാനത്തിൽ ചോർച്ചയുണ്ടാകാതെ മുഴുവൻ നികുതികളും ഫീസുകളും കൃത്യസമയത്ത് തന്നെ ഈടാക്കുന്നതിന് വളരെ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന ഗ്രാന്റുകൾ കുറഞ്ഞു വരുന്നതും ഗ്രാൻറു ചെലവഴിക്കുന്നതിൽ കർശന നിബന്ധനകൾ കൊണ്ടുവരുന്നതും പ്രസ്തുത ഗ്രാൻറുകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിൽ പ്രതിബന്ധമായി നിൽക്കുന്നു. ഇവിടെയാണ് തനത് വരുമാനത്തിലൂടെ സ്വയം പര്യാപ്തത നേടേണ്ടതിന്റെ പ്രാധാന്യം നാം തിരിച്ചറിയേണ്ടത്. നികുതികൾ യഥാസമയം ഒടുക്കുന്നതിന് പൊതുജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ മുതൽ കൂട്ടാകേണ്ട മുഴുവൻ നികുതികളും ഫീസുകളും ചുമത്തപ്പെടുന്നു എന്നും ചുമത്തപ്പെട്ടവ മുഴുവനായും പിരിച്ചെടുക്കുന്നു എന്നും ഉറപ്പുവരുത്തേണ്ടതുണ്ട്.

# വിവിധ മേഖലകളിലെ പ്രധാന വകയിരുത്തലുകൾ

## കാർഷിക മേഖല

നമ്മുടെ പഞ്ചായത്ത് മലയോര മേഖലയായതിനാലും വനമേഖലയോട് ചേർന്ന് കിടക്കുന്ന കൃഷിയിടങ്ങൾ ധാരാളമായി ഉള്ളതിനാലും വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണം മൂലമുള്ള കൃഷിനാശമാണ് കർഷകർ അനുഭവിക്കുന്ന പ്രധാന പ്രശ്നം.

- ✓ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനായി സോളാർ വൈദ്യുത വേലി നിർമ്മാണത്തിനായി ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ഈ ബജറ്റിൽ 85 ലക്ഷം രൂപ വകയിരുത്തുന്നു.
- ✓ നാണ്യവിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് തെങ്ങ് കൃഷി വികസനത്തിന് 20 ലക്ഷം രൂപയും കവുങ്ങ് കൃഷി വികസനത്തിന് 5 ലക്ഷം രൂപയും വകയിരുത്തുന്നു.
- ✓ പച്ചക്കറി വികസനത്തിന് 1.5 ലക്ഷം രൂപ
- ✓ കാപ്പി കൃഷി വികസനത്തിന് 3 ലക്ഷം രൂപ
- ✓ വാഴകൃഷി പ്രോത്സാഹനത്തിന് 50,000/- രൂപ
- ✓ ഇഞ്ചികൃഷി വികസനത്തിന് 1.5 ലക്ഷം രൂപ
- ✓ ഫലവർഗ്ഗ കൃഷി വികസനത്തിനായി 1 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തുന്നു.
- ✓ തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനുള്ള പദ്ധതിക്ക് 2 ലക്ഷം രൂപ വകയിരുത്തുന്നു.
- ✓ കൃഷിഭവൻ മുഖേന അഗ്രോക്ലിനിക്ക് നടത്തുന്നതിന് 50,000 രൂപ വകയിരുത്തുന്നു.

## മൃഗസംരക്ഷണം

- ❖ ക്ഷീരഗ്രാമം പദ്ധതിക്കായി 10 ലക്ഷം രൂപ വകയിരുത്തുന്നു.
- ❖ ക്ഷീര കർഷകർക്ക് പാലിന് സബ്സീഡി നൽകുന്നതിന് 15 ലക്ഷം രൂപ വകയിരുത്തുന്നു.

❖ തീറ്റപ്പുൽ കൃഷിക്ക് 45,000/- രൂപ വകയിരുത്തുന്നു.

❖ ധാതു ലവണ മിശ്രിതം- വിരമരുന്ന്- 2.25 ലക്ഷം രൂപ

❖ കോഴി വളർത്തൽ പദ്ധതിക്ക് 9 ലക്ഷം രൂപ

❖ മൃഗാശുപത്രി വികസനത്തിനും മരുന്ന് വാങ്ങലിനുമായി 6 ലക്ഷം രൂപ വകയിരുത്തുന്നു.

❖ മീന്തുള്ളി വെറ്റിനറി സബ്സെൻററിന് കുടിവെള്ള സൗകര്യം ഒരുക്കുന്നതിന് 2 ലക്ഷം രൂപ വകയിരുത്തുന്നു.

## ആരോഗ്യ മേഖല

സേവന മേഖലയിൽ വളരെ പ്രാധാന്യമർഹിക്കുന്ന മേഖലയാണ് ആരോഗ്യ മേഖല

- പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി 150000/- രൂപ വകയിരുത്തുന്നു.
- പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളായ ആശുപത്രികളിലേക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് ആകെ 49 ലക്ഷം രൂപ വകയിരുത്തുന്നു.
- കണ്ണൂർ ഫൈറ്റ്സ് ക്യാൻസർ പദ്ധതിക്കായി 1 ലക്ഷം രൂപ വകയിരുത്തുന്നു.
- ഹോമിയോ ആശുപത്രി വികസനത്തിന് 1.3 ലക്ഷം രൂപ വകയിരുത്തുന്നു.
- ആരോഗ്യ കേന്ദ്രങ്ങളുടെ ജലസൗകര്യം മെച്ചപ്പെടുത്തുന്നതിനും കമ്പ്യൂട്ടർ വൽക്കരണത്തിനും 2 ലക്ഷം രൂപ വകയിരുത്തുന്നു.
- ജീവിതശൈലി രോഗ നിയന്ത്രണത്തിന് 50,000 രൂപയും പകർച്ചവ്യാധി നിയന്ത്രണത്തിന് ഒരു ലക്ഷം രൂപയും വകയിരുത്തുന്നു.
- ചെറുപുഴ സബ്ബ് സെന്റർ ചുറ്റുമതിൽ നിർമ്മാണം 2 ലക്ഷം രൂപ വകയിരുത്തുന്നു.
- ആയുർവേദ ഹോസ്പിറ്റൽ കെട്ടിട നിർമ്മാണത്തിന് സ്ഥലം വാങ്ങൽ 10 ലക്ഷം

## ഭവന നിർമ്മാണം

ദാരിദ്രരേഖയ്ക്ക് താഴെയുള്ള മുഴുവൻ ആളുകൾക്കും വാസയോഗ്യമായ വീടുകൾ ഇനിയും ലഭ്യമായിട്ടില്ല. മാത്രമല്ല, ലൈഫ്, പി .എം. എ. വൈ ഭവന പദ്ധതികൾ പ്രകാരം പുതിയ ഭവനങ്ങൾ ഇനിയും അനുവദിക്കാനുണ്ട്.

- ❖ ആയതിനാൽ ഭവന നിർമ്മാണത്തിനും വീട് വാസയോഗ്യമാക്കലിനും ഈ ബജറ്റിൽ ഗണ്യമായ പരിഗണന നൽകുന്നു.
- ❖ വീട് വാസയോഗ്യമാക്കലിന് 1 കോടി 12 ലക്ഷം രൂപ വകയിരുത്തുന്നു.

ലൈഫ്, പി. എം. എ. വൈ ഭവന നിർമ്മാണത്തിനും ഹഡ്കോ വായ്പ, പഞ്ചായത്ത് വിഹിതം, സംസ്ഥാന വിഹിതം, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം എന്നീ സ്രോതസ്സുകൾ സംയോജിപ്പിച്ചുകൊണ്ട് 1.47 ലക്ഷം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

## വിദ്യാഭ്യാസം- കല- സാംസ്കാരികം

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ പിന്തുണ നൽകുന്നതിന് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, പഠനോപകരണങ്ങൾ, സ്കോളർഷിപ്പ് നൽകുന്നതിന് അർഹമായ തുക വകയിരുത്തുന്നു. പഠന പരിമിതി പിന്തുണ നൽകുന്നതിന് 7 ലക്ഷം രൂപ നീക്കിവെക്കുന്നു.

- ✓ സർവ്വ ശിക്ഷ അഭിയാൻ പദ്ധതി വിഹിതമായി 8 ലക്ഷം രൂപയും വിദ്യാർത്ഥികൾക്കുള്ള സ്റ്റുഡൻറ് പോലീസ് കേഡറ്റ് പരിശീലനത്തിന് 50,000/- രൂപയും വകയിരുത്തുന്നു.
- ✓ വായനശാലകൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകൽ പദ്ധതിക്കായി 1 ലക്ഷം രൂപ വകയിരുത്തുന്നു.
- ✓ പൊതുവിദ്യാലയങ്ങൾക്ക് ഇംഗ്ലീഷ് ഫെസ്റ്റ് പദ്ധതിക്കായി 50000/- രൂപ വകയിരുത്തുന്നു.
- ✓ ഇടവരമ്പ് സ്കൂളിന് ഇൻവെർട്ടർ സ്ഥാപിക്കുന്നതിന് 100,000/- രൂപ വകയിരുത്തുന്നു.
- ✓ സമഗ്ര വിദ്യാഭ്യാസ പദ്ധതി 2 ലക്ഷം രൂപ
- ✓ ചെറുപുഴ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയത്തിൽ ഡ്രെസ്സിംഗ് റും & ടോയ്ലറ്റ് നിർമ്മാണം 3 ലക്ഷം
- ✓ യുവജനങ്ങൾക്ക് കായിക പരിശീലനം 60000

## സാമൂഹ്യ ക്ഷേമം

- ✓ അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതിക്കായി 40 ലക്ഷം രൂപ വകയിരുത്തുന്നു.
- ✓ അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് 5 ലക്ഷം രൂപ വകയിരുത്തുന്നു.
- ✓ മച്ചിയിൽ സ്മാർട്ട് അംഗൻവാടി നിർമ്മാണം പദ്ധതിക്കായി 31 ലക്ഷം രൂപ വകയിരുത്തുന്നു.
- ✓ വിവിധ അംഗൻവാടികളുടെ പുനരുദ്ധാരണത്തിനായി 12 ലക്ഷം രൂപ വകയിരുത്തുന്നു.
- ✓ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 15 ലക്ഷം രൂപ വകയിരുത്തുന്നു.
- ✓ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി തുടർ പ്രവർത്തനങ്ങൾക്ക് 75,000 രൂപ വകയിരുത്തുന്നു.
- ✓ ഭിന്നശേഷി കലോത്സവത്തിന് 75,000/- രൂപയും അംഗൻവാടി കലോത്സവത്തിന് 30,000/- രൂപയും വകയിരുത്തുന്നു.
- ✓ വയോജനക്ഷേമം ലക്ഷ്യമിട്ട് വയോജനങ്ങൾക്ക് കട്ടിൽ നൽകുന്ന പദ്ധതിക്ക് 4.35 ലക്ഷം രൂപയും വയോജന സംഗമത്തിന് 1 ലക്ഷം രൂപയും വകയിരുത്തുന്നു.
- ✓ പകൽ വീടുകൾക്ക് കുടിവെള്ള സൗകര്യമൊരുക്കുന്നതിന് 50,000/- രൂപ വകയിരുത്തുന്നു.
- ✓ പകൽ വീട് നിർമ്മാണം പ്രാപ്പൊയിൽ 15 ലക്ഷം

## വനിതാ വികസനം

- ❖ വനിതകളുടെ സ്വയം പര്യാപ്തതയും തൊഴിലും ലക്ഷ്യമിട്ട് വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതിന് 2.7 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

- വനതികൾക്ക് മെൻസ്ട്രുവൽ കപ്പ് നൽകുന്ന പദ്ധതിക്കായി 1 ലക്ഷം രൂപ നീക്കിവെക്കുന്നു .
- വനിതാഗ്രൂപ്പികൾക്ക് സ്വയംതൊഴിൽ സംരംഭം 37.5 ലക്ഷം രൂപ

## <u>പ്രാദേശിക സാമ്പത്തിക വികസനം</u>

- വ്യക്തികൾക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിന് 2.1 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.
- കൂടാതെ പട്ടികജാതി /പട്ടികവർഗ്ഗ മേഖലയിലുള്ള യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് ധനസഹായം നൽകുന്നതിന് ആകെ 3.75 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## <u>പട്ടികജാതി - പട്ടികവർഗ്ഗ വികസനം</u>

- പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിന് സ്കോളർഷിപ്പ് നൽകുന്നതിന് ആകെ 6 ലക്ഷം രൂപ വകയിരുത്തുന്നു.
- പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് ലാപ്ടോപ്പ് കമ്പ്യൂട്ടർ നൽകുന്നതിന് ആകെ 7.5 ലക്ഷം രൂപ വകയിരുത്തുന്നു.
- പട്ടികജാതി /പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകുന്നതിന് 1.65 ലക്ഷം രൂപ വകയിരുത്തുന്നു.
- പട്ടികവർഗ്ഗ /പട്ടികജാതി യുവാക്കൾക്ക് വിദേശ തൊഴിലിനുള്ള ധനസഹായം വകയിരുത്തിയിട്ടുണ്ട്.
- പട്ടികജാതി/ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് 12.5 ലക്ഷം രൂപ വകയിരുത്തുന്നു.
- പട്ടികജാതി/ പട്ടികവർഗ്ഗ ഭവനം വാസയോഗ്യമാക്കൽ 12 ലക്ഷം രൂപ വകയിരുത്തുന്നു.

- കാനംവയൽ കമ്മ്യൂണിറ്റി ഹാളിന് ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിന് 80000/- രൂപ വകയിരുത്തുന്നു.

## പശ്ചാത്തലം

- പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണത്തിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.
- പുതിയ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി 1 കോടി രൂപയും ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 4 കോടി 78 ലക്ഷം രൂപയും വകയിരുത്തുന്നു.
- വിവിധ ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് 5 ലക്ഷം രൂപ വകയിരുത്തുന്നു.
- തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.
- പഞ്ചായത്ത് ഹാൾ നിർമ്മാണത്തിന് 20 ലക്ഷം രൂപ വകയിരുത്തുന്നു.
- പാടിയോട്ടുചാൽ കമ്മ്യൂണിറ്റി ഹാൾ കം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നിർമ്മാണം പ്രാരംഭപ്രവർത്തനങ്ങൾക്കായി 5 ലക്ഷം

## കാലാവസ്ഥ- പ്രകൃതി സംരക്ഷണം- ദുരന്തനിവാരണം

- ദുരന്തനിവാരണ സേനയ്ക്ക് പരിശീലനത്തിനും ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും 1.25 ലക്ഷം രൂപ വകയിരുത്തുന്നു.

## <u>ശുചിത്വം</u>

- പൊതു ഇടങ്ങളിൽ ബിന്നുകൾ സ്ഥാപിക്കുന്നതിന് 35,000/- രൂപ വകയിരുത്തുന്നു.
- മിനി എം.സി.എഫു കൾ സ്ഥാപിക്കുന്നതിന് 6 ലക്ഷം രൂപ വകയിരുത്തുന്നു.
- ഗാർഹിക റിംഗ് കമ്പോസ്റ്റ് നൽകുന്നതിന് 13.5 ലക്ഷം രൂപ വകയിരുത്തുന്നു.
- ജി ബിൻ വിതരണത്തിന് 6.57 ലക്ഷം രൂപ വകയിരുത്തുന്നു.
- ഹരിത കർമ്മ സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 1 ലക്ഷം രൂപ വകയിരുത്തുന്നു.
- ചെറുപുഴ മേലേ ബസാറിൽ ശൗചാലയത്തിന് സ്ഥലം വാങ്ങൽ 20 ലക്ഷം

## <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

2026-27 വർഷം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം

- പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവർത്തികൾക്ക് 5.67 കോടി രൂപയും
- സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾക്ക് 1.93 കോടി രൂപയും
- സ്വയംസഹായ സംഘങ്ങൾക്ക് പൊതുഅടിസ്ഥാന സൗകര്യങ്ങൾക്കായി നിബന്ധനകൾ പ്രകാരം 51 ലക്ഷം രൂപയും
- ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് 1.4 കോടി രൂപയും
- റോഡ് കോൺക്രീറ്റ് ഉൾപ്പെടെ ആകെ 9.5 കോടി രൂപ ബഡ്ജറ്റിൽ വക യിരുത്തുന്നു.

# 2026-27 ബജറ്റ് സംക്ഷിപ്തം

( KSMART പ്രകാരം)

| | |
|---|---|
| പ്രാരംഭ ബാക്കി ( KSMART പ്രകാരം) | 8,11,59,818 |
| ആകെ റവന്യൂ വരവ് | 13,87,94,700 |
| ആകെ മൂലധന വരവ് | 21,54,5400 |
| ആകെ വരവ് പ്രാരംഭ ബാക്കി ഉൾപ്പെടെ | 43,54,08518 |
| ആകെ റവന്യൂ ചെലവ് | 214677700 |
| ആകെ മൂലധന ചെലവ് | 6100000 |
| ആകെ ചെലവ് | 220777700 |
| നീക്കിയിരിപ്പ് ( KSMART പ്രകാരം) | 214630818 |

| | |
|---|---|
| 2025-26 ലെ ആകെ പദ്ധതി ചെലവ് കണക്കാക്കുമ്പോൾ 2026-27 പ്രാരംഭ ബാക്കി | 23831156 |
| ആകെ റവന്യൂ വരവ് | 138794700 |
| ആകെ മൂലധന വരവ് | 21545400 |
| ആകെ വരവ് പ്രാരംഭ ബാക്കി ഉൾപ്പെടെ | 37,8079856 |
| ആകെ റവന്യൂ ചെലവ് | 214677700 |
| ആകെ മൂലധന ചെലവ് | 6100000 |
| ആകെ ചെലവ് | 220777700 |
| 2026-27 പദ്ധതി വകയിരുത്തൽ പ്രകാരം പ്രതീക്ഷിത ചെലവ് | 114152000 |
| പദ്ധതിയുൾപ്പെടെ ആകെ ചെലവ് | 334929700 |
| നീക്കിയിരിപ്പ് | 43150156 |

# *2026-27*

| | |
|---|---|
| **തനത് ഫണ്ട് വരവ് – ചെലവ്** | |
| **വരവ്** | |
| തനത് ഫണ്ട് പ്രാരംഭ ബാക്കി | 11478685 |
| നികുതി വരുമാനം (റവന്യൂ) | 19300000 |
| നികുതിയേതര വരുമാനം (റവന്യൂ) | 10006000 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 26608000 |
| ആകെ തനത് വരുമാനം | 55914000 |
| പദ്ധതിയേതര റവ്ന്യൂ ചെലവ് | 36595000 |
| **ചെലവ്** | |
| പദ്ധതിയേതര റവന്യൂ ചെലവ് | 36595000 |
| പദ്ധതിയിൽ ഉൾപ്പെടുത്തിയ ചെലവ് | 0 |
| ആകെ തനത് ഫണ്ട് ചെലവ് | 36595000 |
| നീക്കിബാക്കി | 30797685 |
| ആകെ തനത് വരുമാനത്തിന്റെ 5% | 3369634 |

ആകെ തനത് വരുമാനത്തിന്റെ 5% ൽ കൂടുതൽ ഉള്ളതിനാൽ 2026-27 ബജറ്റിന് അംഗീകാരം നൽകാവുന്നതാണ്.